6. എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർ അടക്കമുള്ള വില്പന നികുതി ഉദ്യോഗസ്ഥരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു. മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി നികുതി പിരിവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കുറവ് വന്നിട്ടില്ല.

(ഡി) 1. ഊർജ്ജിതമായ നികുതി പിരിവിനായി ജില്ലാതലത്തിൽ കോൺഫറൻസുകൾ വിളിച്ചു കൂട്ടി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

2. കെട്ടിക്കിടക്കുന്ന അപ്പീലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു.

3. റവന്യൂ വകുപ്പിലേയും വാണിജ്യ നികുതി വകുപ്പിലേയും ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി കുടിശ്ശിക പിരിവ് വിലയിരുത്തുകയും ത്വരിതപ്പെടുത്താൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ (ബി) ചോദ്യത്തിന്റെ ഉത്തരത്തിൽ പറയും പ്രകാരമുള്ള നടപടികളും തുടർന്നു വരുന്നു.

(ഇ) സംരക്ഷണവും പ്രോൽസാഹനവും നൽകി വരുന്നുണ്ട്.

(എഫ്) വില്പന നികുതി നിയമം 45 (എ), 46 എന്നീ വകുപ്പുകൾ പ്രകാരം ഇത്തരം വ്യാപാരികൾക്കെതിരെ അടക്കേണ്ടതായ തുകയുടെ ഇരട്ടി വരെ പിഴ ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥയുണ്ട്. ആവശ്യമായിടത്തെല്ലാം ഈ വ്യവസ്ഥകൾ നടപ്പാക്കി വരുന്നുണ്ട്.

(ജി) 2000-2001-ൽ 4516 കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ 28-2-2001 വരെ 3652 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു.

എസ്റ്റിമേറ്റും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം

8 (*216) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വരവ് ചെലവുകളിൽ എസ്റ്റിമേറ്റും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം വർഷം തോറും വർദ്ധിച്ചു വരുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിച്ചു ;

(സി) കഴിഞ്ഞ മൂന്നു വർഷത്തെ വരവ് ചെലവുകളിൽ എസ്റ്റിമേറ്റും യഥാർത്ഥ ചെലവും എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റിൽ ഈ അന്തരമുണ്ടാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇല്ല. കൂടിയും കുറഞ്ഞും വരാറുണ്ട്.

(ബി) മുകളിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി)

റവന്യൂ വരുമാനം

	ബഡ്ജറ്റ് എസ്റ്റിമേറ്റ് (പുതുക്കിയത്)	യഥാർത്ഥ വരുമാനം (രൂപ കോടിയിൽ)
1997-98	7628.99	7124.11
1998-99	8174.62	7200.59
1999-2000	8736.91	7941.75

റവന്യൂ ചെലവ്

	ബഡ്ജറ്റ് എസ്റ്റിമേറ്റ് (പുതുക്കിയത്)	യഥാർത്ഥ ചെലവ് (രൂപ കോടിയിൽ)
1997-98	9203.87	8241.12
1998-99	9778.65	9228.08
1999-2000	11218.24	11565.96

(ഡി) റവന്യൂ വരവിലുണ്ടായ കുറവും റവന്യൂ ചെലവിലുണ്ടായ വർദ്ധനവുമാണ് അന്തരമുണ്ടാവാനുള്ള കാരണം.

കാർഷിക ഉല്പന്നങ്ങൾക്ക് തറവില

9 (*217) ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച കാർഷിക നയത്തിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾ ഈ സർക്കാർ കാർഷിക മേഖലയിൽ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കാർഷികോല്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് കണക്കിലെടുത്ത് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly